<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747** 05/06/2018-ൽ മറുപടിയ്ക്ക്

## കേരളബാങ്ക് രൂപീകരണത്തിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളബാങ്ക് രൂപീകരണത്തിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 1) കേരളത്തിലെ ഹ്രസ്വകാല വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ച് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിന് പ്രൊഫസർ എം.എസ്. ശ്രീറാം അദ്ധ്യക്ഷനായിക്കൊണ്ട് ഗവൺമെന്റ് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി 2017 ഏപ്രിൽ മാസം അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ഉൾക്കൊള്ളാവുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിണത്തിന് നടപടികൾ കൈക്കൊള്ളുന്നതിന് വേണ്ടി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്ന് ചീഫ് ജനറൽ മാനേജറായി വിരമിച്ച ശ്രീ. വി.ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി 2017 ജൂൺ മാസം ഒരു കർമ്മസേന (Task Force) യെ നിയമിക്കുകയും പ്രസ്തുത കർമ്മസേന കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയുമാണ്. ആദ്യ പടിയെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം നേടിയെടുക്കുന്നതിനുള്ള അപേക്ഷ RBI ക്ക് സമർപ്പിച്ചു. പ്രസ്തുത അപേക്ഷ റിസർവ് ബാങ്കിന്റെ സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | 2) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.<br>3) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>4) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>5) കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ സജ്ജരാക്കാൻ വേണ്ട പരിശീലന പരിപാടികൾക്ക് തുടക്കമിട്ടു. വിശദമായ Action Plan തയ്യാറാക്കി വരുന്നു. |
| (ബി) | കേരളബാങ്ക് എപ്പോൾ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കേരള ബാങ്കിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2018 ലെ ഓണത്തിന് മുമ്പായി പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ